കേരള സർക്കാർ

സംഗ്രഹം

സ്റ്റോർസ് പർച്ചേസ് വകുപ്പ് -സ്റ്റോർസ് പർച്ചേസ് വകുപ്പിൽ റേറ്റ് കോൺട്രാക്ട് ഉറപ്പിക്കുന്നതിനുള്ള പരസ്യങ്ങൾ ഡി & ഇ കാറ്റഗറി ദിനപ്പത്രങ്ങളിൽ പരസ്യപ്പെടുത്തുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു

---

സ്റ്റോർസ് പർച്ചേസ്(എ) വകുപ്പ്

സ.ഉ.(സാധാ)നം. 17/2015/എസ്.പി.ഡി. തീയതി, തിരുവനന്തപുരം, 30/03/2015

---

ഉത്തരവ്

സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 13.4 പ്രകാരം വിവിധയിനം സ്റ്റോർസിന് റേറ്റ് കോൺട്രാക്ട് നിശ്ചയിക്കുന്നത് സ്റ്റോർസ് പർച്ചേസ് വകുപ്പാണ്. ആയത് പരസ്യം ചെയ്യുമ്പോൾ അടങ്കൽ തുക വ്യക്തമാക്കാൻ കഴിയില്ല. ഇതു സംബന്ധിച്ച് വിവരപൊതുജനസമ്പർക്ക വകുപ്പിന്റെ അഭിപ്രായം കണക്കിലെടുത്ത് ബഹു.ധനകാര്യ-സ്റ്റോർസ് പർച്ചേസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 29/12/2014-ൽ യോഗം നടത്തി. അതിൻപ്രകാരം വിവിധയിനം സ്റ്റോർസിന്റെ റേറ്റ് കോൺട്രാക്ട് ഉറപ്പിക്കുന്നതുമായി ബന്ധപ്പെട്ട ദർഘാസ് പരസ്യങ്ങൾ, വ്യാപക പ്രചാരം ലഭിക്കുന്നതിനുവേണ്ടി ഡി & ഇ കാറ്റഗറി ദിനപ്പത്രങ്ങളിൽ വിവരപൊതുജനസമ്പർക്ക വകുപ്പ് പരസ്യം ചെയ്യേണ്ടതാണ് എന്ന് തീരുമാനമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്റ്റോർസ് പർച്ചേസ് വകുപ്പിലെ വിവിധയിനം സ്റ്റോർസിന് റേറ്റ് കോൺട്രാക്ട് ഉറപ്പിക്കുന്നതുമായി ബന്ധപ്പെട്ട ദർഘാസുകൾ ഡി & ഇ കാറ്റഗറി ദിനപ്പത്രങ്ങളിൽ വിവരപൊതുജനസമ്പർക്ക വകുപ്പ് വഴി പരസ്യം ചെയ്യേണ്ടതാണ് എന്ന് ഉത്തരവാകുന്നു. ഈ ഉത്തരവ് സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ റേറ്റ് കോൺട്രാക്ട് സംബന്ധിച്ച ദർഘാസ് പരസ്യങ്ങൾക്ക് മാത്രമായി നിജപ്പെടുത്തിയും ഇ-ടെൻഡർ പരിധിയിൽനിന്നും പ്രസ്തുത ദർഘാസുകളെ ഒഴിവാക്കിയും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എൽഫീജ് റ്റാജൻ
ജോയിന്റ് സെക്രട്ടറി

എല്ലാ അഡീഷണൽചീഫ് സെക്രട്ടറിമാർക്കും പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും സെക്രട്ടറിമാർക്കും
നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ സെക്ഷനുകൾക്കും
വെബ് & ന്യൂ മീഡിയയ്ക്ക് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
വിവരപൊതുജനസമ്പർക്ക (ജി) വകുപ്പ്
ഡയറക്ടർ, സി-ഡിറ്റ്, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം (സ്റ്റോർസ് പർച്ചേസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ